II ഇ.ബി. XII- കേരള നിയമസഭ/XV-5

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2010 ജൂലൈ 05, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 16 (*121) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, ജനപ്രതിനിധികളുടേയും സർക്കാർ-സർക്കാരിതര സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവുനാടകം മുതലായവ എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ദൃശ്യമാദ്ധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ശ്രീ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ സന്ദേശം ഉൾക്കൊള്ളുന്ന

‘STOP SAD’ എന്ന ജാലവിദ്യാ പ്രകടനം നടത്തുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർമാരുടേയും സന്നദ്ധ സംഘടനകളുടേയും നേതൃത്വത്തിൽ വളരെ സുതാര്യമായാണ് ബോധവൽക്കരണ പരിപാടികൾ നടത്തുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി “മദ്യാസക്തിക്കെതിരായ പ്രചരണം” എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപയും “കളക്ടേഴ്സ് ഫണ്ട് ഫോർ പ്രൊഹിബിഷൻ പോളിസി” എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും കെ.എസ്.ബി.സി. 30 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ടെന്നും വർഷാ വർഷം സർക്കാർ നിശ്ചയിക്കുന്ന തുകയാണ് ഇതിനായി നീക്കിവയ്ക്കു ന്നതെന്നും ഇത് മദ്യവിൽപ്പനയുടെ ശതമാനം അനുസരിച്ചല്ലെന്നും മന്ത്രി അറിയിച്ചു. ജനങ്ങളുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന മദ്യപാന ത്തിനെതിരായി ആരോഗ്യ വകുപ്പുമായി ചേർന്ന് വിപുലമായ ബോധ വൽക്കരണ പരിപാടികൾക്ക് രൂപം നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്. മദ്യ ഉപഭോഗത്തിന്റെ ദൂഷ്യഫലങ്ങളെ സംബന്ധിച്ച് കുട്ടിക ളിൽ അവബോധമുണ്ടാക്കുന്നതിനായി അത് 5-ാം ക്ലാസ് മുതലുള്ള പാഠ്യപദ്ധ തിയിൽ ഉൾപ്പെടുത്തുന്ന കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാ നത്തിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, ഇടുക്കി, പത്തനംതിട്ട, കൊല്ലം ഉൾപ്പെടെയുള്ള എട്ട് ജില്ലകളിൽ ആദ്യഘട്ടമെന്ന നിലയിൽ ജില്ലാ ആശുപത്രി കളോട് അനുബന്ധിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനു വേണ്ടി ഭരണ വകുപ്പ് തയ്യാറാക്കിയ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി എന്ന

നിലയിൽ മദ്യത്തിനടിമയായി മാരകരോഗം ബാധിച്ചവരുടെ ചികിത്സയ്ക്കാവശ്യമായ സഹായം നൽകുന്ന കാര്യം കെ.എസ്.ബി.സി.യുടെ പരിഗണനയിലുണ്ട്. മദ്യ ഉപഭോഗം നിയന്ത്രിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ഉപദേശക സമിതികൾ പുന:സംഘടിപ്പിക്കുകയും അവ ഫലപ്രദമായി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതു സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ചില പഞ്ചായത്തുകളും ചില മണ്ഡലങ്ങളും മാതൃകയായി സ്വീകരിച്ചുകൊണ്ട് കർമ്മ പദ്ധതികൾ നടപ്പിലാക്കിയാൽ മദ്യാസക്തിക്ക് പരിഹാരം കണ്ടെത്താൻ കഴിയും. കേരളത്തിൽ വ്യാജ മദ്യത്തിന്റെ ഒഴുക്ക് വളരെയധികം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മദ്യ വിൽപ്പനയുടെ 82 ശതമാനവും ഗവൺമെന്റിന്റെ റവന്യൂ വരുമാനമാണെന്നും അബ്കാരി ആക്ട് അനുസരിച്ചാണ് മദ്യഷാപ്പുകൾക്ക് ലൈസൻസ് കൊടുക്കുന്നതെന്നും ജനങ്ങൾക്ക് പ്രതിഷേധമുള്ള സ്ഥലങ്ങളിൽ ജനപ്രതിനിധികളുമായും സന്നദ്ധ സംഘടനകളുമായും ആലോചിച്ച് തീരുമാനമെടുക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ജെ. ലളിതാംബിക അദ്ധ്യക്ഷയായിട്ടുള്ള കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന സമഗ്രമായ നിയമഭേദഗതി അനുസരിച്ച് പൊതുസ്ഥലങ്ങളിലും വാഹനങ്ങളിലുംവച്ച് മദ്യം ഉപയോഗിക്കുന്നത് ശിക്ഷാർഹമാണെന്നും അങ്ങനെ ചെയ്തിട്ടുള്ളവരുടെ പേരിൽ കർശന നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഏതെങ്കിലും സ്ഥലത്ത് മദ്യകോള വിൽക്കുന്നതായി ശ്രദ്ധയിൽപ്പെടുത്തിയാൽ അതിനെതിരെ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും പെട്ടിക്കടകളിൽ അനധികൃത മദ്യവിൽപ്പന

നടത്തുന്നത് കർശനമായി തടഞ്ഞിരിക്കുകയാണെന്നും ബോധവൽക്കരണ പരിപാടികളിലൂടെ മാത്രമേ പാൻപരാഗ് പോലുള്ള മയക്കുമരുന്നുകളുടെ വിതരണം തടയാൻ കഴിയുകയുള്ളൂവെന്നും മദ്യവുമായി ബന്ധപ്പെട്ട പരസ്യങ്ങൾ നിരോധിക്കുന്നതിനുള്ള നിയമനടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും ഒരു ബാറിനും പുതിയതായി കൗണ്ടർ ആരംഭിക്കുന്നതിന് ലൈസൻസ് കൊടുത്തിട്ടില്ലെന്നും കള്ളിൽ സ്പിരിറ്റും മറ്റ് ഇൻഗ്രീഡിയന്റ്സും ചേർക്കുന്നതിനെതിരായി കർശന നടപടി സ്വീകരിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

17 (*122) <u>കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, ഓയിൽ പാം ഇൻഡ്യാ, കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള, കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, ട്രിവാൻഡ്രം റബ്ബർ വർക്ക്സ് എന്നീ 10 പൊതുമേഖലാ സ്ഥാപനങ്ങളും കേരഫെഡ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നീ സ്ഥാപനങ്ങളും കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അവയിൽ കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷനും ട്രിവാൻഡ്രം റബ്ബർ വർക്സും മുമ്പുതന്നെ പ്രവർത്തനരഹിതമാണ്. സേവന

മേഖലയിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയൊഴികെ കൃഷി വകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിൽ പ്രവർത്തിക്കുകയും കഴിഞ്ഞ നാല് വർഷംകൊണ്ട് 217 കോടി രൂപ ലാഭമു ണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന തിനുശേഷം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഹോർട്ടി ക്കൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയെ ലാഭ ത്തിലേയ്ക്ക് ഉയർത്താനും മറ്റുള്ളവയുടെ ലാഭം ഗണ്യമായി വർദ്ധിപ്പിക്കു വാനും സാധിച്ചിട്ടുണ്ട്. ഭീമമായ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരഫെഡ് കഴിഞ്ഞ നാല് വർഷംകൊണ്ട് 13 കോടിയിലധികം രൂപ ലാഭമുണ്ടാക്കി. കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും സാദ്ധ്യമായ വിധത്തിൽ മോണിറ്റർ ചെയ്യുന്നതിനും ലാഭത്തിലാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കർഷകരുടെ ഷെയറോടുകൂടി ട്രസ്റ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷകർക്ക് പരമാവധി സഹായം ലഭ്യമാക്കുന്ന സ്ഥാപന മാണെന്നും കഴിഞ്ഞ വർഷം 127 കോടി രൂപ ലാഭമുണ്ടാക്കിയെന്നും പ്ലാന്റേഷൻ കോർപ്പറേഷൻ വിഷൻ 2012 എന്ന പദ്ധതിയിൽ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ മറ്റ് സംരംഭങ്ങളുമായി യോജിച്ച് നടപ്പാ ക്കാനുള്ള ശ്രമം നടത്തുന്നതാണെന്നും നാളികേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ചെറിയ ചെറിയ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും 'നീര' എന്ന പേരിൽ ഒരു നാളികേരാധിഷ്ഠിത ഉല്പന്നം ഉല്പാദിപ്പിക്കുന്ന

തിന് ഒരു പുതിയ പദ്ധതി ഈ വർഷം ആരംഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. നാളികേര പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലായി ഒരു കോടി അറുപത്തിമൂന്ന് ലക്ഷം തെങ്ങുകൾ വെട്ടിമാറ്റാനാണ് ഉദ്ദേശമെന്നും അത് പ്രോസസ്സ് ചെയ്താൽ കേരളത്തിലെ വീട്ടാവശ്യത്തിന് ഉൾപ്പെടെയുള്ള തടിയുടെ ആവശ്യം പരിഹരിക്കാൻ കഴിയുമെന്നും തെങ്ങിൻതടി പ്രോസസ്സ് ചെയ്ത് വീട്ടുപകരണങ്ങൾ നിർമ്മിക്കുന്നതിനായി എഫ്.ഐ.ടി-യും കേരഫെഡും കൃഷി വകുപ്പും ചേർന്ന് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആറ്റിങ്ങലിലുള്ള സ്ഥലത്ത് തറക്കല്ലിട്ട പദ്ധതിയുടെ പ്രവർത്തനവും അഗ്രോ ഫ്രൂട്ട് ഇൻഡസ്ട്രീസിന്റെ വികസന പ്രവർത്തനങ്ങളും ഈ വർഷം അവസാനത്തോടുകൂടി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും നാളികേരക്കൃഷി ഏറ്റവും കൂടുതലുള്ള ജില്ലകളിൽ നാളികേരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ കോഴിക്കോട് ജില്ലയിലും തുടർന്ന് എല്ലാ ജില്ലകളിലും ഇത്തരം പദ്ധതികളുമായി മുന്നോട്ടുവരുന്ന സംരംഭങ്ങൾക്ക് ആവശ്യമായ സബ്സിഡിയും സഹായവും നൽകുന്നതാണെന്നും കഴിഞ്ഞവർഷം കേരഫെഡ്, മാർക്കറ്റ്ഫെഡ്, കൺസ്യൂമർഫെഡ് എന്നിവ വഴി 25,000-ത്തോളം ടൺ കൊപ്ര സംഭരിച്ചിട്ടുണ്ടെന്നും ഈ വർഷം 50,000 ടൺ കൊപ്ര സംഭരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും പച്ചത്തേങ്ങ സംഭരണം ആറ് ജില്ലകളിലാണ് നടക്കുന്നതെന്നും തെങ്ങുകയറ്റ യന്ത്രം ശാസ്ത്രീയമായി വികസിപ്പിച്ചെടുക്കാനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണെന്നും മന്ത്രി അറിയിച്ചു. കഴിഞ്ഞ വർഷം പരാതിക്കിടയില്ലാത്തവിധത്തിൽ കുറഞ്ഞ വാടകയ്ക്ക് കൊയ്ത്ത്-മെതി യന്ത്രങ്ങൾ കർഷകർക്ക് എത്തിച്ചുകൊടുക്കുന്നതിന് സാധി

ച്ചിട്ടുണ്ടെന്നും പുതിയ യന്ത്രങ്ങൾ സ്വന്തമായി ഉല്പാദിപ്പിക്കുന്ന കാര്യം പരിശോധിക്കുമെന്നും പല ഫാമുകളുടേയും നഷ്ടം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

18 (*123) **ചെറുകിട ജലവൈദ്യുത പദ്ധതികൾ**

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ജലസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്നും സംസ്ഥാന വൈദ്യുതി ബോർഡ്, അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ചെറുകിട ജലവൈദ്യുതശേഷി പരമാവധി ഉപയോഗപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്നും സഭയെ അറിയിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച പൂഴിത്തോട് (4.8 MW), റാന്നി - പെരിനാട് (4 MW), ആഢ്യൻപാറ (3.5 MW), ചാത്തൻകോട്ടുനട (6 MW), വിലങ്ങാട് (7.5 MW) എന്നീ പദ്ധതികളുടെ 22.3 മെഗാവാട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ടെന്നും കൂടാതെ 33.25 മെഗാവാട്ടിന്റെ 5 പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും 182.3 മെഗാവാട്ടിന്റെ 22 പദ്ധതികൾ 2010-12 കാലത്ത് ടെണ്ടർ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞുവെന്നും പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 3 മെഗാവാട്ടിന്റെ മീൻവല്ലം ചെറുകിട പദ്ധതിയുടെ നിർമ്മാണവും സ്വകാര്യ സംരംഭകർ വഴി 18 മെഗാവാട്ടിന്റെ രണ്ട് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നുണ്ടെന്നും ഈ പദ്ധതികളെല്ലാം പൊതുവേ പരിസ്ഥിതി പ്രശ്നങ്ങളില്ലാതെ നടപ്പാക്കാൻ

കഴിയുന്നവയാണെന്നും മന്ത്രി വ്യക്തമാക്കി. ചെറുകിട ജലവൈദ്യുതി വികസന സാദ്ധ്യതയുള്ളതായി (മിനി മൈക്രോ പദ്ധതികൾ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയ ഉദ്ദേശം 300 മെഗാവാട്ട് ശേഷി പ്രതീക്ഷിക്കുന്ന 1251 സൈറ്റുകളിൽ നിന്ന് 870 സൈറ്റുകളുടെ പ്രാഥമിക ഫീസിബിലിറ്റി പഠനം അനർട്ടിന്റെ ആഭിമുഖ്യത്തിൽ പൂർത്തിയായിട്ടുണ്ടെന്നും ഇതിൽ പേരാവൂർ ബ്ലോക്കിലെ 1.17 മെഗാവാട്ട് ശേഷിയുള്ള 14 സൈറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സ്വകാര്യ സംരംഭകർ മുഖാന്തിരം ചെറുകിട ജലവൈദ്യുതി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ഇ.എം.സി. പ്രവർത്തിക്കുന്നുണ്ടെന്നും ആകെ 57.15 മെഗാവാട്ട് ശേഷിയുള്ള 12 പദ്ധതികൾ നടപ്പാക്കാൻ സ്വകാര്യ സംരംഭകർക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ചെറുകിട ജലവൈദ്യുത പദ്ധതികൾ, ബയോമാസ് അടക്കമുള്ള മറ്റ് പാരമ്പര്യേതര പദ്ധതികൾ എന്നിവയെല്ലാം ഏറ്റെടുക്കാൻ കഴിയുന്ന രൂപത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അനർട്ടും ചേർന്ന് രൂപീകരിക്കാൻ തീരുമാനിച്ച കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. നിർമ്മാണത്തിലിരിക്കുന്നതും ടെണ്ടർ നടപടികൾ നടക്കുന്നതും ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുന്നതുമായ 46 ചെറുകിട ജലവൈദ്യുതി പദ്ധതികളും 870 മിനി മൈക്രോ പദ്ധതികളുമടക്കം 916 സ്കീമുകളിൽനിന്ന് വരുന്ന പത്ത് വർഷത്തിനുള്ളിൽ 616 മെഗാവാട്ട് ശേഷിയാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ സംസ്ഥാന വൈദ്യുതി ബോർഡ് നടപ്പാക്കുന്ന മറ്റ് 8 ഇടത്തരം ജലവൈദ്യുതി പദ്ധതികളിൽ നിന്നായി 533 മെഗാവാട്ട് വൈദ്യുതി ഉൽപാദനവും ലക്ഷ്യമിടുന്നുണ്ട്. 196.35 മെഗാവാട്ട്

സ്ഥാപിതശേഷിയുള്ള 9 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ചെറുകിട ജലവൈദ്യുതി പദ്ധതികൾക്ക് കേന്ദ്രത്തിന്റെ ബജത് ലാമ്പ് യോജന പ്രകാരം കാർബൺ ക്രെഡിറ്റ് കിട്ടുമെന്നും ചെറുകിട ജലവൈദ്യുതി പദ്ധതികൾക്ക് കേന്ദ്ര സർക്കാർ എം.എൻ.ആർ.ഇ സബ്സിഡി നൽകുന്നുണ്ടെന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റാന്നി-പെരിനാട്, പൂഴിത്തോട്, പീച്ചി, ചാത്തൻകോട്ടുനട, വിലങ്ങാട്, ആനക്കയം, ബാരാപ്പൂർ എന്നീ 7 പദ്ധതികൾക്ക് 33.22 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നും സബ്സിഡിയായി ലഭിച്ചിട്ടുണ്ടെന്നും വിറക്, ചിരട്ട, ചകിരി, ചകിരിച്ചോറ് തുടങ്ങിയവ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ച് 20.63 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള 14 ബയോമാസ് പദ്ധതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തെ വൈദ്യുതി മേഖലയിൽ മിച്ച സംസ്ഥാനമാക്കി മാറ്റാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും അടുത്ത വർഷം പവർകട്ടോ ലോഡ് ഷെഡ്ഡിംഗോ താരിഫ് വർദ്ധനവോ ഉണ്ടായിരിക്കുകയില്ലെന്നും സി.എഫ്.എൽ. വിതരണ പദ്ധതിയിൽ 40 കോടി രൂപ സംസ്ഥാന ഗവൺമെന്റും 55 കോടി രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമാണ് വഹിക്കുന്നതെന്നും അത് നടപ്പാക്കുന്ന ഏജൻസി ഇ.എം.സി. ആണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി സഭയെ അറിയിച്ചു.

19 (*124) <u>സഹകരണമേഖല വഴിയുള്ള കാർഷിക വായ്പാ വിതരണം</u>

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, പ്രാഥമിക സഹകരണ സംഘങ്ങൾവഴി വിതരണം ചെയ്യുന്ന വായ്പയുടെ പത്ത് ശതമാനമെങ്കിലും കാർഷിക വായ്പ നൽകണമെന്നാണ്

ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളതെന്നും ആകെ വായ്പയായിട്ടുള്ള 86,000 കോടി രൂപയിൽ ഏകദേശം 5500 കോടി രൂപയാണ് വായ്പയായി പോകേണ്ടതെങ്കിലും 2148 കോടി രൂപയാണ് തൊട്ട് പിന്നിട്ട വർഷം വായ്പ യായി പോയിട്ടുള്ളതെന്നും  ഏഴ് ശതമാനം പലിശയായിത്തന്നെ നിജപ്പെടു ത്തിയിട്ടുണ്ടെന്നും  ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുവാൻവേണ്ടി നെൽക്കൃഷിക്ക് പലിശരഹിത വായ്പ കൊടുത്തുവരികയാണെന്നും  ഏകദേശം 150 കോടി രൂപയോളം പലിശരഹിതവായ്പ കൊടുത്തുകഴിഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കാർഷിക വായ്പകൾ നൽകാൻ കഴിയാതെ പ്രാഥമിക സംഘങ്ങൾ ദുർബലമായ സ്ഥലങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകൾ നേരിട്ട് ശാഖകൾ തുറന്നുകൊടുക്കണമെന്ന് നിർദ്ദേശം നൽകുകയും കാർഷിക വായ്പ നൽകാത്ത സഹകരണ ബാങ്കുകളെ കാർഷിക വായ്പ നൽകുന്ന ബാങ്കുകളുടെ പട്ടികയിൽനിന്ന് മാറ്റി കാർഷികേതര സംഘങ്ങ ളാക്കി ശിക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.  കഴിഞ്ഞ ഒരു വർഷമായി നബാർഡ് ഒരു പൈസപോലും കേരളത്തിലെ കൃഷിക്കാർക്ക് റീഫൈനാൻസിംഗ് നൽകാത്ത വളരെ തെറ്റായ സമീപനമെടുക്കുമ്പോഴും 8 മുതൽ 9.5 ശതമാനം പലിശയ്ക്ക് വാങ്ങുന്ന ഫിക്സഡ് ഡെപ്പോസിറ്റിൽനിന്ന് 7 ശതമാനം പലിശയ്ക്ക് സ്വന്തം ഫണ്ടായി ഇപ്പോൾ വായ്പ കൊടുത്തുവരികയാണ്.  വായ്പ കൃത്യമായി തിരിച്ചടയ്ക്കു ന്ന കർഷകർക്ക് മൂന്ന് ശതമാനത്തോളം പലിശ സബ്‌വെൻഷൻ നൽകാനും നടപടി എടുത്തിട്ടുണ്ട്.  കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് നടപടികൾ സ്വീകരിക്കുകയും  സ്വർണ്ണപ്പണയ കാർഷിക വായ്പകൾ 7 ശതമാനം പലിശയ്ക്ക് കൊടുത്തുവരികയുമാണ്. 2005-2006-ൽ 3586.13 കോടി രൂപയും 2006-2007-ൽ 2102.02 കോടി രൂപയും

2007-08-ൽ 1813.56 കോടി രൂപയും 2008-2009-ൽ 1872.90 കോടി രൂപയും 2009-2010-ൽ 2247.95 കോടി രൂപയും കാർഷിക വായ്പയായി അനുവദിക്കുകയുണ്ടായി. 2005-2006 വർഷം നൽകിയ കാർഷിക വായ്പയായ 3586.13 കോടി രൂപയിൽ പകുതിയിൽക്കൂടുതലും കാർഷിക വായ്പയല്ലായിരുന്നുവെന്നും കാർഷിക വായ്പ എന്ന വ്യാജേന പലിശ കുറച്ച് കാർഷികേതര വായ്പകൾ കൊടുത്തത് കണ്ടുപിടിച്ചതിനെത്തുടർന്ന് അത്തരം തെറ്റായ വായ്പകൾ കൊടുക്കുവാൻ പാടില്ലെന്ന് തീരുമാനിക്കുകയും ചെയ്തു. കാർഷിക വായ്പകളാണ് ഇപ്പോൾ കൊടുത്തുവരുന്നത്. 123 കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങാൻ 123 സംഘങ്ങൾക്ക് അനുവാദം കൊടുക്കുകയും 15 യന്ത്രങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ടെന്നും കുട്ടനാട്ടിൽ 2000-2500 രൂപ മണിക്കൂറിന് വാടക വാങ്ങുമ്പോൾ 1400 രൂപ മാത്രമാണ് കോ ഓപ്പറേറ്റീവ് സ്ഥാപനങ്ങൾ ഈടാക്കുന്നതെന്നും ഇത് പാലക്കാട്, കോട്ടയം, എറണാകുളം, ആലപ്പുഴ ജില്ലകളിലെ കൃഷിക്കാർക്ക് സഹായകരമാണെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1106 മുതൽ 1397 വരെയുള്ള ചോദ്യങ്ങളിൽ 224 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)